## പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 5917 — 30.07.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

ചോദ്യം — മറുപടി

ശ്രീ . ജി സുധാകരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗര സഭ / പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അമ്പലപ്പുഴ വടക്ക്-2 , അമ്പലപ്പുഴ തെക്ക് -2, പുന്നപ്ര വടക്ക് – 3, പുന്നപ്ര തെക്ക് - 3, പുറക്കാട് -2 എന്നിങ്ങനെ പഞ്ചായത്ത് പരിധിയിൽ 12 അക്ഷയ കേന്ദ്രങ്ങളും ആലപ്പുഴ നഗരസഭ പരിധിയിൽ 6 അക്ഷയ കേന്ദ്രങ്ങളുമാണുള്ളത്. |
| (ബി) | ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയകേന്ദ്രങ്ങൾക്ക് വരെയെ പരമാവധി അനുമതി നൽകാൻ കഴിയു എന്നാൽ 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കി.മി ദൂരപരിധി ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പ്രമേയത്തിനനുസരിച്ചാണ്. അമ്പലപ്പുഴ മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | നിലവിൽ 18 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടാൽ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഓരോ സേവനങ്ങൾക്കും അനുവദനീയമായ ഫീസ് എത്രയെന്നും വ്യക്തമാക്കാമോ; | (സി) | അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന പ്രധാനപ്പെട്ട സേവനങ്ങളും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസിനേയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | അക്ഷയ ജില്ല/ സംസ്ഥാന ഓഫീസുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ അക്ഷയകേന്ദ്രങ്ങൾ സന്ദർശിക്കുകയും ഇൻസ്പെ കഷൻ നടത്തുകയും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തുകയും, ഒന്നിലധികം തവണ അമിത ഫീസ് ഈടാക്കുന്ന പക്ഷം അക്ഷയ സംരഭകത്വം റദ്ദ് ചെയ്യുകയും ചെയ്തുവരുന്നു. എല്ലാ നിരക്കുകളും അക്ഷയ കേന്ദ്രങ്ങളിൽ പൊതുജന ശ്രദ്ധയ്ക്കായി പ്രദർശിപ്പിയ്ക്കണമെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്, |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

ചോദ്യം .സി. വിശദാംശം

| അക്ഷയസർവ്വീസ് ചാർജ്ജ് | | |
|---|---|---|
| സേവനങ്ങൾ | ജനങ്ങളിൽനിന്ന് ഈടാക്കുന്ന സേവന നിരക്ക് | |
| യുഐഡി എൻറോൾമെന്റ് | ഫീസില്ല | |
| ഇ-ഡിസ്ട്രിക്റ്റ് | ജനറൽ കാറ്റഗറി- | 17(10for ACES+Rs.2 for Govt+ Rs.5 Revenue Stamp |
| | ബിപി എൽ | Rs.15(10for ACES+ Rs.5 Revenue Stamp) |
| | SC/ST | Rs.10(10for ACEs) |
| | | Rs. 2/- per page additonal for Printing& Scanning |
| യൂട്ടിലിറ്റി പേമെന്റ് - BSNL, KSEB , Water Authority ,e-chellan, payment of Motor Vehicle Dept | for Amount upto Rs.1000/- | Rs.10 |
| | Rs1001-Rs.5000 | Rs.20 |
| | Rs.5001& above | 0.5% of the amount to be paid |
| കൾച്ചറൽ ആക്ടിവിസ്റ്റ് സബ്സ്ക്രിപ്ഷൻ കളക്ഷൻ | Up to 200 | Rs.6/- |
| | Rs.201 -Rs.1000 | Rs.10 |
| | Rs.1001-Rs5000 | Rs.20 |
| | Rs.5001& above | 0.5% of the amount to be paid |
| കിയോസ്ക് ബാങ്കിംഗ് | ഫീസില്ല | |
| ഇ-ഫയലിംഗ് | ഫീസില്ല | |
| ഇ-ഗ്രാന്റ്സ് | ഫീസില്ല | |
| KNRK വെൽഫയർ ബോർഡ് അംഗങ്ങളുടെ മാസവരി അടയ്ക്കൽ | Up to 500 | Rs.6/- |
| | 5001-1000 | Rs.11 |
| | Above 1000 | Rs.16 |
| ഇലക്ഷൻ ഐഡി | | Rs.20/- |
| ഫുഡ് & സെഫ്റ്റി രജിസ്ട്രേഷൻ | | |
| പുതിയ രജിസ്ട്രേഷൻ | ഡാറ്റ എൻട്രി | Rs.25/- |

| | | |
|---|---|---|
| | സ്കാനിംഗ് ഫോട്ടോ/ഫോട്ടോ കാപ്റ്ററിംഗ് | Rs3/- |
| | സ്കാനിംഗ്/പ്രിന്റിംഗ് | Rs.3/- per page |
| പുതിയ ലൈസൻസ് | ഡാറ്റ എന്ട്രി | |
| | പേമെന്റ് ട്രാൻസാക്ഷൻ ഫീ | Rs.16/- |
| | സ്കാനിംഗ്/പ്രിന്റിംഗ് | Rs.3/- per page |
| രജിസ്ട്രേഷൻ പുതുക്കൽ | സേവന നിരക്ക് | Rs.10/- |
| | സ്കാനിംഗ്/പ്രിന്റിംഗ് | Rs.3/- per page. |

സെക്ഷൻ ഓഫീസർ